**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5594** **08-07-2024 - ൽ മറുപടിയ്ക്ക്**

**പുതിയതായി ആരംഭിച്ച സ്റ്റാർട്ടപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് പുതിയതായി എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് 3800 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്ത്യയ്ക്ക് പുറത്ത് സംഘടിപ്പിച്ച ഇഗ്നൈറ്റ് സംബന്ധിച്ച വിശദാംശം നൽകാമോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായോ എന്നുമുള്ള വിശദാംശം നൽകാമോ? | (ബി) | 2022 മാർച്ച് മാസത്തിലാണ് ദുബായിൽ ഇഗ്നൈറ്റ് എന്ന പരിപാടി സംഘടിപ്പിച്ചത്. കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്ക് ഉയർന്ന സാമ്പത്തിക ശേഷിയുള്ള വ്യക്തിഗത നിക്ഷേപകരിൽ നിന്നും നിക്ഷേപം ലഭ്യമാക്കുക, അതിനായി നിക്ഷേപകരുടെ ഒരു ശൃംഖല രൂപീകരിക്കുക, സ്റ്റാർട്ടപ്പുകളെ നിക്ഷേപകരുമായി ബന്ധപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഇഗ്നൈറ്റ് എന്ന പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ഇന്റർനാഷണൽ പ്രമോട്ടേഴ്സ് അസോസിയേഷനുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഏയ്ഞ്ചൽ നിക്ഷേപകരുടെ ഒരു ശൃംഖല രൂപീകരിക്കുന്നതിനും അവരെ തിരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളുമായി ബന്ധിപ്പിക്കുന്നതിനും നിക്ഷേപം സംബന്ധിച്ച ചർച്ചകൾ ആരംഭിക്കുന്നതിനും സാധ്യമായി. ഒരു സ്റ്റാർട്ടപ്പിന് പ്രസ്തുത പരിപാടിയിൽ തന്നെ നിക്ഷേപം ലഭ്യമാവുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ